# കേരള വനിതാ കമ്മിഷൻ

## ഗവേഷണ പഠനങ്ങൾക്ക് അപേക്ഷ ക്ഷണിക്കുന്നു

2025-26 സാമ്പത്തികവർഷത്തെ മേജർ/ മൈനർ ഗവേഷണ പഠനങ്ങൾക്ക് ഗവേഷണ പഠനങ്ങൾ നടത്തി മുൻപരിചയമുള്ള വ്യക്തികളിൽ/സ്ഥാപനങ്ങളിൽ നിന്നും കേരള വനിതാ കമ്മിഷൻ പ്രൊപ്പോസലുകൾ ക്ഷണിക്കുന്നു. ഗവേഷണ വിഷയങ്ങൾ, അപേക്ഷകർക്ക് വേണ്ട യോഗ്യത, പ്രൊപ്പോസൽ തയ്യാറാക്കേണ്ട രീതി, നിബന്ധനകൾ തുടങ്ങിയ വിശദാംശങ്ങൾ വനിതാ കമ്മിഷന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ് (**www.keralawomenscommission.gov.in**). വെബ്സൈറ്റിൽ നൽകിയിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം തയ്യാറാക്കിയിട്ടുള്ള പ്രൊപ്പോസലുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. പ്രൊപ്പോസലുകൾ 2025 ഓഗസ്റ്റ് 6 (06/08/2025) വൈകുന്നേരം 5 മണിക്കകം വനിതാ കമ്മിഷന്റെ ഓഫീസിൽ ലഭ്യമാക്കേണ്ടതും ആയതിന്റെ Soft copy keralawomenscommission@yahoo.co.in എന്ന മെയിൽ ID യിലേക്ക് ഇമെയിൽ ചെയ്യേണ്ടതുമാണ്.

## ഗവേഷണ പഠനം

വനിതാ കമ്മീഷൻ എല്ലാ സാമ്പത്തിക വർഷത്തിലും സ്ത്രീകളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണ പഠനങ്ങൾ നടത്തുകയും അത്തരം പഠനങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞു വരുന്ന ശിപാർശകൾ തുടർ നടപടികൾക്കായി സർക്കാരിലേയ്ക്ക് സമർപ്പിക്കാറുമുണ്ട്. കമ്മീഷൻ തിരഞ്ഞെടുക്കുന്ന വിഷയങ്ങളിൽ തൃപ്തികരമായ പ്രൊപോസൽ സമർപ്പിക്കുന്ന വ്യക്തികൾക്കോ/ സ്ഥാപനങ്ങൾക്കോ ആണ് ഗവേഷണം നടത്താൻ അനുമതി നൽകുന്നത്. പ്രധാനമായും രണ്ടു രീതിയിൽ ഉള്ള ഗവേഷണ പഠനങ്ങൾ ആണ് കമ്മീഷനിൽ നടത്താറുള്ളത്, - മേജർ ഗവേഷണ പഠനവും മൈനർ ഗവേഷണ പഠനവും.

### മേജർ ഗവേഷണ പഠനം

- ആകെ അനുവദനീയമായ തുക 2 ലക്ഷം
- ഗവേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള കാലാവധി 8മാസം

### മൈനർ ഗവേഷണ പഠനം

- ആകെ അനുവദനീയമായ തുക 1 ലക്ഷം
- ഗവേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള കാലാവധി4 മാസം

### ആർക്കൊക്കെ അപേക്ഷിക്കാം

- സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും സാമൂഹ്യ ശാസ്ത്ര വിഷയങ്ങളിൽ ഡോക്ടറൽ/ പോസ്റ്റ് ഡോക്ടറൽ ബിരുദം നേടിയിട്ടുള്ളവർ. അങ്ങിനെയുള്ള അപേക്ഷകർ ഇല്ലാത്ത പക്ഷം താഴെ പറയുന്ന യോഗ്യത ഉള്ളവരെ പരിഗണിക്കുന്നതായിരിക്കും.
- സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും സാമൂഹ്യ ശാസ്ത്ര വിഷയങ്ങളിലോ അനുബന്ധ വിഷയങ്ങളിലോ ഉള്ള ബിരുദാനന്തര ബിരുദമുള്ളവർ.
- ഒറ്റയ്ക്കോ ഗ്രൂപ്പായോ അപേക്ഷ സമർപ്പിക്കാം. ഗ്രൂപ്പ് ആയി സമർപ്പിക്കുമ്പോൾ മുഖ്യ ഗവേഷകന്റെ(Principal Investigator) വിവരങ്ങൾ വ്യക്തമാക്കേണ്ടതാണ്
- ഗവേഷണ താല്പര്യമുള്ള സ്ഥാപനങ്ങൾ/ ഏജൻസികൾ/ മറ്റു ഓർഗനൈസേഷനുകൾ

### അപേക്ഷ സമർപ്പിക്കേണ്ട വിധം

- കമ്മീഷന്റെ സൈറ്റിൽ നിന്നും ലഭ്യമാകുന്ന നിശ്ചിത അപേക്ഷ ഫോമിൽ കമ്മീഷനിൽ നേരിട്ടോ തപാൽ മുഖേനയോ നിശ്ചിത തീയതിക്കുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്

**അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട അനുബന്ധ രേഖകൾ**

- പൂർത്തീകരിച്ച അപേക്ഷ ഫോം
- വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
- റിസർച്ച് എക്സ്പീരിയൻസ് തെളിയിക്കുന്ന രേഖകൾ
- ഗവേഷണം നടത്തുവാൻ ഉദ്ദേശിക്കുന്ന വിഷയത്തിന്റെ കമ്മീഷൻ നിഷ്കർഷിക്കുന്ന ഫോർമാറ്റിൽ ഉള്ള പ്രൊപോസൽ

**പ്രൊപ്പോസലിന്റെ ഘടന** ( 5 പേജിൽ അധികരിക്കരുത്)

1. Topic of research
2. Objectives of the research
3. Universe of the study
4. Sampling design and sample Size
5. Research methodology
6. Budget
7. Time frame

## നിബന്ധനകൾ

1. **അപേക്ഷകരുടെ വിദ്യാഭ്യാസ യോഗ്യത**
   a) സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നുള്ള ഡോക്ടറൽ ബിരുദം
   b) സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും സാമൂഹ്യ ശാസ്ത്ര വിഷയങ്ങളിലോ അനുബന്ധ വിഷയങ്ങളിലോ ഉള്ള ബിരുദാനന്തര ബിരുദം.
   c) മുൻ ഗവേഷണ പരിചയം നിർബന്ധം

2. **സമയക്രമം**

   വനിതാ കമ്മീഷനിൽ ഗവേഷണത്തിനായി കരാർ ഒപ്പുവയ്ക്കുന്ന തീയതി മുതൽ എട്ടു മാസത്തിനകം മേജർ ഗവേഷണ പഠനത്തിന്റെയും നാല് മാസത്തിനകം മൈനർ ഗവേഷണ പഠനത്തിന്റെയും അന്തിമ റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതാണ് .

3. **പുരോഗതി റിപ്പോർട്**
   a) മേജർ ഗവേഷണ പഠനം – കരാർ ഒപ്പുവച്ചതിനു ശേഷം നാലാം മാസത്തിൽ പഠന പുരോഗതി റിപ്പോർട്ട് കമ്മീഷനിൽ സമർപ്പിക്കേണ്ടതാണ്
   b) മൈനർ ഗവേഷണ പഠനം – കരാർ ഒപ്പുവച്ചതിനു ശേഷം രണ്ടാം മാസത്തിൽ പഠന പുരോഗതി റിപ്പോർട്ട് കമ്മീഷനിൽ സമർപ്പിക്കേണ്ടതാണ്

4. **പ്രൊപ്പോസലിൽ മാറ്റം വരുത്തൽ**
   a) കരാർ ഒപ്പു വച്ചതിനു ശേഷം യാതൊരു സാഹചര്യത്തിലും കമ്മീഷന്റെ അറിവില്ലാതെ പ്രൊപ്പോസലിൽ മാറ്റം വരുത്താൻ പാടുള്ളതല്ല

b) ഒഴിവാക്കാനാകാത്ത സാഹചര്യത്തിൽ പ്രൊപ്പോസലിൽ മാറ്റം വരുത്തേണ്ട പക്ഷം ആയതിനായി കമ്മീഷനിൽ അപേക്ഷ സമർപ്പിക്കേണ്ടതും കമ്മീഷന്റെ നിർദേശ പ്രകാരം മാറ്റം വരുത്തേണ്ടതുമാണ്.
c) കമ്മീഷന്റെ അറിവോ സമ്മതമോ ഇല്ലാതെ, പ്രൊപ്പോസൽ പ്രകാരം അല്ലാതെ നടത്തുന്ന ഗവേഷണ റിപ്പോർട്ടുകൾ കമ്മീഷൻ അംഗീകരിക്കുന്നതല്ല.

5. **വിവരശേഖരണം**

വിവരശേഖരണത്തിനായി പോകുന്ന തീയതി, സമയം, സ്ഥലം എന്നിവ മുൻകൂറായി കമ്മീഷനിൽ അറിയിക്കേണ്ടതാണ്

6. **റിപ്പോർട്ടിന്റെ ഘടന**

മേജർ/ മൈനർ ഗവേഷണ പഠനങ്ങളുടെ റിപ്പോർട്ട് താഴെപറയുന്ന രീതിയിൽ സമർപ്പിക്കേണ്ടതാണ്

Title Page (Cover Page)
Contents
List of Abbreviations
Executive Summary
Chapter 1 : Introduction and Literature Review
Chapter 2 : Methodology
Chapter 3: Data Analysis and Discussion
Chapter 4: Findings, Conclusion and Suggestions
Chapter 5 : Recommendations to the Government
References

7. **റിപ്പോർട്ടിന്റെ ആകെ പേജുകളുടെ എണ്ണം**

a) മേജർ ഗവേഷണ പഠനം 150 പേജ്
b) മൈനർ ഗവേഷണ പഠനം 100 പേജ്
c) അധ്യായം ഒന്ന് മുതൽ അഞ്ച് വരെ മാത്രം പേജ് നമ്പർ നൽകിയാൽ മതിയാകും
d) Font Times New Roman
e) Font Size 16 for main Headings 14 for Sub headings and 12 for paragraphs

# TOPICS

## MAJOR RESEARCH STUDY

1. Challenges and Socio Economic Conditions of Women Engaged in Waste Management (Haritha Karma Sena)
2. Love and Revenge : A Psychological and Socio-Legal Analysis of Causes and Consequences.
3. Maternity Benefit Act : An evaluation of awareness, Access and Workplace Compliance.

## MINOR RESEARCH STUDY

1. Pending cases in family Courts in Kerala – An analytical Study
2. Female inmates in the drug rehabilitation centres in Kerala

# KERALA WOMEN'S COMMISSION

# APPLICATION FOR RESEARCH PROPOSALS

FOR THE FINANCIAL YEAR ..................................

Applicant Type: Single Researcher/ Group/ Organisations

Name of the Applicant / Name of Principal Investigator (IN BLOCK LETTERS) :
Name of Co-investigator (if any in block letters)

Communication Address :

(IN BLOCK LETTERS)

District :

Pin code :

Email ID :

Mobile number (specify Call/whatsapp) :
Mobile Number (additional)

Educational Qualifications :

Subject :

Name of College/Institution from where the degree is obtained :

Details of Research Experience (specify years of experience) :

Topic Selected for the Present Research Study :

Type of study (Put a ✓ mark) : MAJOR MINOR

Declaration

I /We hereby declare that the above furnished details are true and correct. Along with the application form I attached copy of PG Certificate, Research Experience Certificate and Detailed Proposal.

Place
Date

Signature
Name

Note:If it is group study, all the researchers must sign the declaration.